**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5559** | **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണുള്ളതെന്നും അവയിൽ അന്ത്യോദയ അന്ന യോജന, മുൻഗണന, മുൻഗണനേതര, മുൻഗണനേതര സബ്സിഡി എന്നിങ്ങനെ എത്രയെന്നു തരംതിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ; | (എ) | അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പട്ടികയിൽ നിന്നും നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് മാറ്റിനൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ബി) | അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | അർഹരായ മുഴുവൻ അപേക്ഷകരുടെയും റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,800,40 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ച നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്താനാകൂ. അതിനാൽ അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കി വരുന്നു. മുൻഗണനാ വിഭാഗത്തിലുൾ പ്പെടുത്തുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ക്രമ നം. | പഞ്ചായത്ത് | എ.എ.വൈ കാർഡ് | പി.എച്ച്.എച്ച് കാർഡ് | എൻ.പി.എസ് കാർഡ് | എൻ. പി.എൻ.എസ് കാർഡ് |
|---|---|---|---|---|---|
| 1 | ഉദയഗിരി | 709 | 1369 | 1874 | 3103 |
| 2 | ആലക്കോട് | 862 | 2556 | 3256 | 6317 |
| 3 | എരുവേശ്ശി | 437 | 1281 | 1687 | 3424 |
| 4 | നടുവിൽ | 1163 | 2024 | 2655 | 5279 |
| 5 | ഇരിക്കൂർ | 159 | 1088 | 1187 | 2069 |
| 6 | പയ്യാവൂർ | 639 | 1303 | 2135 | 4178 |
| 7 | ശ്രീകണ്ഠാപുരം | 512 | 2445 | 2691 | 5657 |
| 8 | ചെങ്ങളായ് | 410 | 2455 | 2696 | 5240 |
| 9 | ഉളിക്കൽ | 813 | 2955 | 311 | 6288 |
|  | **ആകെ** | **5704** | **17476** | **18492** | **41555** |

**അനുബന്ധം-2**

| ക്രമ നം. | പഞ്ചായത്ത് | മുൻഗണനയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ | മുൻഗണനയിലേക്ക് മാറ്റിയവ |
|---|---|---|---|
| 1 | ഉദയഗിരി | 185 | 160 |
| 2 | ആലക്കോട് | 230 | 215 |
| 3 | എരുവേശ്ശി | 180 | 161 |
| 4 | നടുവിൽ | 172 | 166 |
| 5 | ഇരിക്കൂർ | 112 | 101 |
| 6 | പയ്യാവൂർ | 156 | 148 |
| 7 | ശ്രീകണ്ഠാപുരം | 225 | 215 |
| 8 | ചെങ്ങളായ് | 228 | 218 |
| 9 | ഉളിക്കൽ | 147 | 73 |
| | **ആകെ** | **1635** | **1457** |